GOVERNMENT OF KERALA

# സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീമതി. എം. വിദ്യ, D/o (Late) എസ്.എ. മാരിയപ്പൻ - കണ്ടിജന്റ് വിഭാഗത്തിൽ തുടരുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

.==============================================================

## തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(എം.എസ്) നം.176/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.10.2014

==============================================================

പരാമർശം:- 1) 24.05.1999-ലെ സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ.
2) 10.02.2009-ലെ സ.ഉ. (എം.എസ്) നം. 21/09/തസ്വഭവ.
3) ശ്രീമതി. എം.വിദ്യ സമർപ്പിച്ച അപേക്ഷ.
4) കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 14.02.2014-ലെ 94-ാം നമ്പർ തീരുമാനം.
5) കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 25.02.2014-ലെ സി5/69045/89 വാല്യം 11 നമ്പർ കത്ത്.
6) നഗരകാര്യ ഡയറക്ടറുടെ 01.08.2014-ലെ G2-4943/14 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (4)-ലെ കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ തീരുമാനവും സാനിട്ടേഷൻ തസ്തികയിൽ നിലവിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. വിദ്യ എം.ന്റെ പരാമർശം (3)-ലെ അപേക്ഷ പരിഗണിച്ചുകൊണ്ടും കോഴിക്കോട് നഗരസഭയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം നൽകുന്നതിന് പരാമർശം (2)-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്ന ശ്രീമതി. വിദ്യ എം.ന് ടി തസ്തികയിൽ ഒഴിവില്ലാതിരുന്നതിനാൽ താൽക്കാലികമായി കണ്ടിജന്റ് തസ്തികയിൽ നിയമിച്ചതു പ്രകാരം ടിയാൾ നാലുവർഷത്തോളം പ്രസ്തുത തസ്തികയിൽ തുടരുന്ന സാഹചര്യത്തിൽ ശിപായി തസ്തികയിലേയ്ക്ക് മാറ്റി നിയമിച്ചാൽ അപേക്ഷകയുടെ ശമ്പളത്തിൽ വലിയ കുറവ് വരുമെന്ന വസ്തുത കണക്കിലെടുത്തും ശ്രീമതി. വിദ്യ.

എം.നെ നിലവിലുള്ള ചട്ടത്തിൽ ഇളവ് വരുത്തി കണ്ടിജന്റ് തസ്തികയിൽ തന്നെ നിലനിർത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**റ്റി.കെ. അജിത കുമാരി,**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
കോഴിക്കോട് നഗരസഭാ സെക്രട്ടറി (മേയർ മുഖേന)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി. വിദ്യ എം., കണ്ടിജന്റ് വർക്കർ, കോഴിക്കോട് നഗരസഭ
(കോഴിക്കോട് നഗരസഭാ സെക്രട്ടറി മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**